ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം
(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, റവന്യൂ കോംപ്ലക്സ്, തിരുവനന്തപുരം)
(ഹാജർ: എൻ.പത്മകുമാർ,ഐ.എ.എസ്.)

എൽ.ആർ.എൻ1-20/2016 തിയതി: 11.07.2016.

വിഷയം: റവന്യൂ വകുപ്പ് - ചെയിൻ സർവ്വെ പരിശീലനം തിരുവനന്തപുരം, തൃശ്ശൂർ കേന്ദ്രം - പരിശീലനത്തിൽ നിന്നും ജീവനക്കാരെ ഒഴിവാക്കുന്നത്/ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:
1. ഈ കാര്യാലയത്തിലെ 04.07.2016-ലെ എൽ.ആർ. എൻ1-20/16 നമ്പർ നടപടിക്രമം.
2. എറണാകുളം ജില്ലാ കളക്ടറുടെ 08.07.16-ലെ ഇ7-7/15 നമ്പർ കത്ത്.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07.07.2016-ലെ എസ്7-73395/13 നമ്പർ കത്ത്. 8/7/16
4. ആലപ്പുഴ ജില്ലാ കളക്ടറുടെ എ3-101/16 നമ്പർ കത്ത്.

തിരുവനന്തപുരം, തൃശ്ശൂർ കേന്ദ്രങ്ങളിൽ 11.07.16 മുതൽ 10.08.16 വരെയുള്ള കാലയളവിൽ ചെയിൻ സർവ്വെ പരിശീലനത്തിനായി നിയോഗിക്കപ്പെട്ട ജീവനക്കാരിൽ സൂചന (2), (3), (4) പ്രകാരം വിവിധ കാരണങ്ങളാൽ താഴെ സൂചിപ്പിക്കുന്ന ജീവനക്കാരെ ടി പരിശീലനത്തിൽ നിന്നും ഒഴിവാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പേര് | ജില്ല | സൂചന (1) നടപടി ക്രമത്തിലെ ക്രമ നം./ പരിശീലന കേന്ദ്രം |
|---|---|---|---|
| 1. | വി.എസ്.ബിജുകുമാർ | തിരുവനന്തപുരം | 9 തിരുവനന്തപുരം |
| 2. | ജഗസി ബാബു | തിരുവനന്തപുരം | 8 ,, |
| 3. | എം.ജെ.ശശികുമാർ | തിരുവനന്തപുരം | 6 ,, |
| 4. | മനീഷ്.എ. | തിരുവനന്തപുരം | 16 ,, |
| 5. | വിനോദ്.എസ്. | തിരുവനന്തപുരം | 2 ,, |
| 6. | ജോസ്ലി ജോസ് | ആലപ്പുഴ | 29 തിരുവനന്തപുരം |
| 7. | സബീന.പി.ജബ്ബാർ | എറണാകുളം | 4/തൃശ്ശൂർ കേന്ദ്രം |

ടി സാഹചര്യത്തിൽ മേൽ സൂചന ചെയ്ത ജീവനക്കാരെ ചെയിൻ സർവ്വെ പരിശീലനത്തിൽ നിന്നും ഒഴിവാക്കികൊണ്ടും, ചുവടെ ചേർക്കുന്നവരെ പേരിനു നേരെ ചേർക്കുന്ന പരിശീലന കേന്ദ്രത്തിൽ പരിശീലനത്തിന് നിയോഗിച്ചു കൊണ്ടും ഉത്തരവാകുന്നു.

| ക്രമ നം. | പേര് | ജില്ല | പരിശീലന കേന്ദ്രം |
|---|---|---|---|
| 1. | വി.സജീവ് | തിരുവനന്തപുരം | തിരുവനന്തപുരം |
| 2. | അതുല്യ.വി.ആർ. | തിരുവനന്തപുരം | തിരുവനന്തപുരം. |
| 3. | ഷിയാസ്.എസ്.എസ്. | തിരുവനന്തപുരം | തിരുവനന്തപുരം. |
| 4. | ഉണ്ണികൃഷ്ണൻ.പി.ആർ. | കോട്ടയം | തിരുവനന്തപുരം. |
| 5. | ലെക്സി വില്യംസ് | എറണാകുളം | തൃശ്ശൂർ |

പരിശീലനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ സേവന പുസ്തകത്തിൽ ടി വിവരം രേഖപ്പെടുത്തേണ്ടതും സ്വന്തം അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിശീലനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ റിലിംഗ്വിഷ്മെന്റ് സ്റ്റേറ്റ്മെന്റ് അവരവരുടെ സേവന പുസ്തകത്തിൽ പതിച്ച് വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരെ 11.07.2016 പ്രാബല്യത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർ/ഉദ്യോഗസ്ഥൻ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാർ ഇതിനു മുമ്പ് ചെയിൻ സർവ്വെ പരിശീലനം നേടിയിട്ടില്ലെന്ന് ഉറപ്പു വരുത്തിയതിനു ശേഷം മാത്രം വിടുതൽ ചെയ്യേണ്ടതും പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെട്ടവരുടെ സേവന പുസ്തകത്തിൽ ടി വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

(ഒപ്പ്)
ജോയിന്റ്കമ്മീഷണർ.

കക്ഷികൾക്ക്.
(ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖാന്തിരം)

പകർപ്പ്: 1. സർവ്വെ ഡയറക്ടർ, തിരുവനന്തപുരം.
2. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സർവ്വെ റേഞ്ച് ഓഫീസ്, തൃശ്ശൂർ.
3. ജില്ലാ കളക്ടർ, തിരുവനന്തപുരം/ആലപ്പുഴ/ എറണാകുളം/കോട്ടയം.
4. I. T. Cell

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്.

ഗ്ലി3